**നമ്പർ.ബി1/53/റ്റി.സി/2022.**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

*രണ്ടാം നില, ട്രാന്സ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[(0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in]

തീയ്യതി, 20-10-2022

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
3. എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
4. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
5. എല്ലാ ചെക്ക് പോസ്റ്റ് എം.വി.ഐ.മാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – സ്പെഷ്യൽ സ്കൂളുകളുടെ സ്കൂൾ ബസിന്റെ നികുതി സ്വീകരിക്കുന്നത് വ്യക്തത നൽകുന്നത് – സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നമ്പർ ബി3/87/2021/ഗതാ തീയതി 26/09/2022.

2020-ലെ ഫിനാൻസ് ആക്ട് വഴി കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള EIB ബസുകൾക്ക് മുൻപത്തെ നിരക്ക് നിലനിർത്തിയപ്പോൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ EIB-കൾക്ക് പുതിയ നിരക്ക് ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ Intellectual disabled / Blind / deaf & dump തുടങ്ങിയ വിഭാഗത്തിലുള്ള സ്പെഷ്യൽ സ്കൂളുകളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള EIB-കൾക്ക് സർക്കാർ/എയ്ഡഡ് EIB-കൾക്ക് തുല്യമായ നിരക്ക് ഈടാക്കാമോ എന്ന വിഷയത്തിൽ സർക്കാരിനോട് സ്പഷ്ടീകരണം ചോദിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞ സ്പെഷ്യൽ സ്കൂളുകൾ സർക്കാർ/എയ്ഡഡ് മേഖലയിൽ അല്ല പ്രവർത്തിക്കുന്നതെങ്കിൽ അത്തരം വാഹനങ്ങൾക്ക് സർക്കാർ/എയ്ഡഡ് മേഖലയിലെ EIB-കൾക്ക് തുല്യമായ നികുതി അനുവദിക്കാൻ സാധിക്കുകയില്ലായെന്ന് സൂചന പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. ആയതിനാൽ സർക്കാർ/എയ്ഡഡ് മേഖലയിലല്ലാത്ത എല്ലാ വിഭാഗത്തിലുമുള്ള സ്പെഷ്യൽ സ്കൂളുകളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള EIB- കൾ ക്ക് KMVT Act–ലെ Schedule 7(ii a) പ്രകാരം ഉയർന്ന നിരക്കിൽ 01/04/2020 മുതൽ നികുതി ഈടാക്കേണ്ടതാണ്. ഇത്തരം വാഹനങ്ങൾക്ക് നികുതി ഇളവ് നൽകുന്നതിന് KMVT Act Section 22 പ്രകാരം സർക്കാരിനു മാത്രമേ

I/93993/2022

അധികാരമുള്ളു എന്നറിയിക്കുന്നു. ഏതെങ്കിലും വാഹനങ്ങൾക്ക് മേൽ നിർദ്ദേശത്തിനു വിരുദ്ധമായി നികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത്തരം വാഹനങ്ങളിൽ നിന്ന് ബാക്കി നികുതി ഈടാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
K Manojkumar
Date: 20-10-2022 16:51:27

SR. DEPUTY TRANSPORT COMMISSIONER
(TAX)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

KCA/-